# COLLEGE OF ENGINEERING MUTTATHARA

(Under the Co-operative Academy of Professional Education, Estd. by the Government of Kerala)

തിരുവനന്തപുരം

No.CEM/109/2025-A(ACD)

തീയതി28/07/2025

**സർക്കുലർ**

വിഷയം: - പട്ടികജാതി വികസന വകുപ്പ് ഇ ഗ്രാൻറ്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് - 2025-2026 വർഷത്തെ അപേക്ഷകൾക്കുള്ള വിജ്ഞാപനം -സംബന്ധിച്ച്.

സൂചന:- പട്ടികജാതി വികസന വകുപ്പ് ഡയരക്ടറുടെ നടപടിക്രമം (NO.SCDD/3643/2025-B1(EDN B) dated 01.07.2025)

പട്ടികജാതി വികസന വകുപ്പ് ഇ ഗ്രാൻറ്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2025-2026 വർഷത്തെ അപേക്ഷകൾക്കുള്ള വിജ്ഞാപന പ്രകാരം അർഹരായ വിദ്യാർത്ഥികൾ അപേക്ഷസമർപ്പിക്കേണ്ടതും പട്ടികജാതി /പട്ടികവർഗ്ഗ /മറ്റ അർഹ/തത്തുല്യ (SC/ST/OBC(H) വിഭാഗ വിദ്യാർത്ഥികൾ അവരുടെ അലോട്ട്മെന്റ് മെമ്മോ ലഭിച്ചതിനുശേഷം അഡ്മിഷന് മുമ്പുതന്നെ ഇ ഗ്രാന്റ്സ് പോർട്ടലിൽ അപേക്ഷ രജിസ്റ്റർ ചെയ്യുകയും ഫീസ് ഇളവിനായി **Freeship card** ഡൌൺ ലോഡ് ചെയ്യേണ്ടതുമാകുന്നു. ഇത് അഡ്മിഷൻ സമയത്ത് ഫീസ് ഇളവിനായി**Freeship card** ഹാജരാക്കേണ്ടതുമാണ്. വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും ഇതോടൊപ്പമുള്ള സർക്കാർ ഉത്തരവ് ആലേഖനം ചെയ്തിട്ടുള്ളതുമാണ്. സൂചനയിലെ നടപടിക്രമം കാണാവുന്നതാണ്.

PRINCIPAL

Signed by
V Praseedalekshmi
Date: 28-07-2025 16:34:27

To,

1.Deepthi P.S, Computer Programmer

2.Notice Board

| Inward No: | 1194 |
| --- | --- |
| Date: | 21/07/'25 |
| C.E. MUTTATHARA | |

ACC

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
മ്യൂസിയം - നന്ദാവനം റോഡ്, നന്ദാവനം,
വികാസ് ഭവൻ പി. ഒ
തിരുവനന്തപുരം - 695 033
ഫോൺ - 0471 2737100
email:-sc.directorate@gmail.com
website: www.scdd.kerala.gov.in

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : ഡി ധർമ്മലശ്രീ. ഐ.എ.എസ്)

ഉത്തരവ് നമ്പർ: SCDD/3643/2025-B1 (EDN B) തീയതി:01-07-2025

വിഷയം: പട്ടികജാതി വികസന വകുപ്പ് -ഇ-ഗ്രാന്റ്സ് -പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2025-26 വർഷത്തെ അപേക്ഷകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) GO (P) No. 02/2023 /SCSTD Dated 05/02/2023
2) GO (P) No. 01/2023 /BCDD Dated 23/03/2023

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കും മറ്റർഹ തത്തുല്യ വിഭാഗം വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ 2022-23 വർഷം പ്രാബല്യത്തിൽ സമഗ്രമായി പരിഷ്കരിച്ചു കൊണ്ട് പരാമർശം (1) (2) പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള അംഗീകൃത സ്ഥാപനങ്ങളിലെ അംഗീകൃത കോഴ്സുകൾക്ക് നിയമാനുസൃതം മെറിറ്റ് റിസർവേഷൻ വ്യവസ്ഥയിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ/തത്തുല്യ വിഭാഗ വിദ്യാർത്ഥികൾക്ക് പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകളനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. പട്ടികജാതി/ മറ്റർഹ തത്തുല്യ വിഭാഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകളുടെ നിർവ്വഹണ ചുമതല പട്ടികജാതി വികസന വകുപ്പിനാണ്. പരാമർശ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി/മറ്റർഹ/തത്തുല്യ വിഭാഗ വിദ്യാർത്ഥികളുടെ 2025-26 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന സ്വീകരിക്കുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി സ്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്യേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ 2025-26 വർഷത്തെ

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും പരാമർശ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

1 പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ 2025-26 വർഷത്തെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിനായി ചുവടെ പറയും പ്രകാരമായിരിക്കും പോർട്ടൽ ഓപ്പണിംഗ് ക്ലോസിംഗ് സമയക്രമം

| | |
|---|---|
| പോർട്ടൽ ഓപ്പണിംഗ് | 2025 ജൂൺ 18 |
| പോർട്ടൽ ക്ലോസിംഗ് | 2025 ഒക്ടോബർ 15 |

2025-26 അദ്ധ്യയന വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ മേൽ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിച്ചിരിക്കണം. സ്കോളർഷിപ്പ് അപേക്ഷ രജിസ്റ്റർ ചെയ്യുന്നതിന് വിദ്യാർത്ഥിയ്ക്ക് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്. സമയപരിധിക്കു ശേഷമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

2. UDISE/AISHE Code ഇല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അപേക്ഷകളുടെ രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.

3. അപേക്ഷകരും സ്ഥാപനങ്ങളും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP) വൺ ടൈം രജിസ്ട്രേഷൻ (OTR) നടപടികൾ പൂർത്തീകരിക്കേതാണ്. അല്ലാത്ത പക്ഷം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല. OTR നടപടികൾ ചെയ്യേണ്ട വിധം വീഡിയോ ആയി ഇ-ഗ്രാൻസ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്.

4. ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ സമയത്ത് സ്ഥാപനം മുൻകൂർ ഫീസ് വാങ്ങുവാൻ പാടുള്ളതല്ല. ഇതിനായി ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോ ലഭിച്ചതിനു ശേഷം അഡ്മിഷനു മുമ്പ് തന്നെ ഇ-ഗ്രാന്റ്സ് പോർട്ടലിൽ സ്കോളർഷിപ്പ് അപേക്ഷ രജിസ്റ്റർ ചെയ്ത് Freeship Card ഡൗൺലോഡ് ചെയ്യേണ്ടതും അഡ്മിഷൻ സമയത്ത് Freeship Card സ്ഥാപനത്തിൽ ഹാജരാക്കി മുൻകൂർ ഫീസ് ഒടുക്കുന്നതിൽ നിന്നും ഇളവ് ലഭ്യമാക്കേണ്ടതുമാണ്. പരാമർശ ഉത്തരവിലെ നിബന്ധനകൾ പ്രകാരം സ്കോളർഷിപ്പ് ലഭിക്കുവാൻ അർഹതയുള്ള വിദ്യാർത്ഥികൾ മാത്രമേ ഇപ്രകാരം ഓൺലൈൻ അപേക്ഷ രജിസ്റ്റർ ചെയ്യുവാനും Freeship Card ജനറേറ്റ് ചെയ്യുവാനും പാടുള്ളൂ. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച ഡേറ്റ സ്ഥാപനമേധാവികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ഓൺലൈൻ അപേക്ഷ അംഗീകാരത്തിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയക്കേണ്ടതുമാണ്. തെറ്റായി വിവരങ്ങൾ

രേഖപ്പെടുത്തി Freeship Card ജനറേറ്റ് ചെയ്യുന്ന വിദ്യാർത്ഥികൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

4(a) സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ അഡ്മിഷൻ വേളയിൽ Freeship Card സ്ഥാപനത്തിൽ ഹാജരാക്കേണ്ടതാണ്. Freeship Card ഹാജരാക്കാത്തതിന്റെ പേരിൽ അഡ്മിഷൻ സമയത്ത് മുൻകൂർ ഫീസ് വാങ്ങുവാൻ പാടില്ല. അഡ്മിഷൻ സമയത്ത് Freeship Card ഹാജരാക്കാത്ത വിദ്യാർത്ഥികൾക്ക് ഇ - ഗ്രാന്റ്സ് പോർട്ടലിൽ നിന്നും Freeship Card ജനറേറ്റ് ചെയ്ത് സ്ഥാപനത്തിൽ ഹാജരാക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. ഇത്തരത്തിൽ Freeship Card സ്ഥാപനത്തിൽ ഹാജരാക്കാത്ത പക്ഷം മുൻകൂർ ഫീസ് ഒടുക്കുന്നതിൽ നിന്നുള്ള ആനുകൂല്യത്തിന്റെ പരിരക്ഷ പ്രസ്തുത വിദ്യാർത്ഥിയ്ക്ക് നഷ്ടപ്പെടുന്നതാണ്.

5. സ്കോളർഷിപ്പ് തുകകൾ അക്കൗണ്ടിൽ ലഭ്യമായി 7 ദിവസത്തിനകം വിദ്യാർത്ഥികൾ സ്ഥാപനത്തിൽ നിർബന്ധമായും ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികളെ തുടർന്നുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

6. അർഹതപ്പെട്ട സ്കോളർഷിപ്പ് തുക അതത് അധ്യയന വർഷാരംഭത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് ലഭ്യമാകേണ്ടത് അനിവാര്യമായതിനാൽ വിദ്യാർത്ഥികൾ യഥാസമയം അപേക്ഷകൾ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്യപ്പെടുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും കേന്ദ്രവിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഇത് അനിവാര്യമായതിനാൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനും ചുവടെ പറയും പ്രകാരം സമയക്രമം നിശ്ചയിക്കുന്നു.

| | | |
|---|---|---|
| (i) | വിദ്യാർത്ഥികൾ അപേക്ഷ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം | അലോട്ട്മെന്റ് മെമ്മോ ലഭിച്ച് അഡ്മിഷൻ തീയതിക്കു മുമ്പ് (ഏതു സാഹചര്യത്തിലും വിജ്ഞാപന പ്രകാരമുള്ള അവസാന തീയതി വരെ മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ) |
| (ii) | വിദ്യാർത്ഥികളുടെ അപേക്ഷ സ്ഥാപനത്തിൽ നിന്നും അപ്രൂവലിനായി അയക്കുന്നതിനുള്ള സമയം | അപേക്ഷ ലഭ്യമായി 10 ദിവസത്തിനുള്ളിൽ |
| (iii) | സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷയിൽ ന്യൂനതകളില്ലെങ്കിൽ പ്രസ്തുത അപേക്ഷ തീർപ്പാക്കുന്നതിന് അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുവദി ക്കുന്ന സമയം | അപേക്ഷ ലഭ്യമായി 30 ദിവസത്തി നുള്ളിൽ (എന്നാൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേകമായി സമയ പരിധി നിശ്ചയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീയതിയും സമയവുമാണ് പരിഗണിക്കേണ്ടത്) |
| (iv) | സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന | അപേക്ഷ ലഭ്യമായി 5 ദിവസത്തിനുള്ളിൽ (ന്യൂനത |

| | | |
|---|---|---|
| | അപേക്ഷയിൽ ന്യൂനതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷ തിരികെ അയക്കുന്നതിന് അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുവദിക്കുന്ന സമയം | പരിഹരിക്കുന്നതിനായി ഒറ്റത്തവണ മാത്രമേ അപേക്ഷകൾ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥാപനത്തിലേക്കു തിരികെ അയക്കുവാൻ പാടുള്ളൂ. അപേക്ഷ പരിശോധിച്ച് എല്ലാ ന്യൂനതകളും വ്യക്തമായി രേഖപ്പെടുത്തി വേണം തിരിച്ചയക്കേണ്ടത്.) |
| (v) | മേൽ പ്രകാരം തിരികെ അയക്കുന്ന അപേക്ഷ ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിക്കുന്നതിന് സ്ഥാപന മേധാവിക്ക് അനുവദിക്കുന്ന സമയം | അപേക്ഷ തിരികെ ലഭ്യമായി 5 ദിവസത്തിനുള്ളിൽ (ന്യൂനത പരിഹരിച്ച് തിരികെ അയക്കുന്നതിനായി സ്ഥാപനമേധാവിയ്ക്ക് ഒറ്റത്തവണ മാത്രമേ അവസരം നൽകുകയുള്ളൂ. അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ന്യൂനതകളും പരിഹരിച്ച വേണം തിരിച്ചയക്കേണ്ടത്) |

7. വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിലെ കോഴ്സ് /അക്കോമഡേഷൻ സ്റ്റാറ്റസ് സംബന്ധമായ എല്ലാ വിവരങ്ങളും പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രമേ സ്ഥാപനത്തിൽ നിന്നും അംഗീകാരത്തിനായി അയക്കുവാൻ പാടുള്ളൂ. ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് വിതരണം പോർട്ടൽ മുഖേനയായതിനാൽ വിവരങ്ങളുടെ സൂക്ഷ്മവും ശ്രദ്ധാപൂർവവുമായ പരിശോധന ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്തമാണ്. ഒരിക്കൽ അപ്രൂവൽ ലഭിച്ച അപേക്ഷയിലെ വിവരങ്ങൾ പിന്നീട് ഒരു സാഹചര്യത്തിലും തിരുത്തൽ വരുത്തുവാൻ അവസരമുണ്ടായിരിക്കുന്നതല്ല. തെറ്റായ വിവരങ്ങളാൽ അപേക്ഷ അപ്രൂവലായെന്നു കാണുന്ന പക്ഷം ആയതു കാരണമായി സർക്കാരിനോ വിദ്യാർത്ഥികൾക്കോ സംഭവിക്കുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

8. ഒരു അധ്യയന വർഷം തന്നെ ഹയർ കോഴ്സിന് അഡ്മിഷൻ ലഭിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ ആദ്യത്തെ കോഴ്സിന് സ്കോളർഷിപ്പ് ക്ലെയിം ചെയ്യാതിരിക്കുകയും പ്രതീക്ഷിക്കുന്ന ഹയർ കോഴ്സിന് അഡ്മിഷൻ ലഭിച്ച ശേഷം സ്കോളർഷിപ്പിന് അപേക്ഷിച്ചാൽ മതിയാകുന്നതാണ്. ഒരു അധ്യയന വർഷം ഒരു കോഴ്സിന് സ്കോളർഷിപ്പ് ലഭ്യമായാൽ അതേ അധ്യയന വർഷം മറ്റ് കോഴ്സുകൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതല്ല.

1.എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീർമാർക്കും

2. രജിസ്ട്രാർ, സീ-ഡിറ്റ്

(ഒപ്പ്)

ഡയറക്ടർ

Signed by

Sindhu Paramesh

Date: 01-07-2025 11:05:17

ഡയറക്ടർക്കു വേണ്ടി

ജോയിന്റ് ഡയറക്ടർ

പകർപ്പ്: 1) അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം

2) സ്റ്റോക്ക് ഫയൽ /സ്പെയർ